MR. K. SANKARAN (*Kartikapalli I*) : Am I to take it that if sufficient funds are available Government would take up this work?

MR. T. C. THOMMEN (*Ag. Secretary to Government*) : Yes.

MR. K. SANKARAN (*Kartikapalli I*) : May I know from the member whether both the import and export income from the Quilon Port should be divided under the Cochin Harbour agreement?

PRESIDENT : That does not arise.

DEMANDS FOR GRANTS—(*contd.*)

PRESIDENT : The House will now proceed to discuss the Ayurveda demand.

MR. K. GEORGE (*Chief Secretary to Government*) : Sir, I move for a grant of Rs. 66,595 under Demand VII—Ayurveda Department.

Motion 189.

MR. K. SANKARAN (*Kartikapalli I*) : I beg to move the following motion :—

To reduce the allotment of Rs. 2,111 for Establishment by Re. 1.

The object of this token motion is to bring to the notice of the Government the desirability of giving more facilities for the ayurvedic system of medicine by increasing the number of ayurvedic dispensaries and also by increasing the grants now given to ayurveda physicians. Sir, yesterday when the Medical department was under consideration, members on this side of the House rose up one after another and pointed out the lack of medical facilities in the rural parts of the country. Government also agreed that proper facilities are not available in the different parts of the country at present and that more allopathic dispensaries cannot be established owing to lack of funds at the present time of depression. Here is an opportunity for the Government to meet the growing demand of the people in the matter of medical aid by establishing ayurveda dispensaries in as many centres as possible and by giving proper and sufficient grants to the ayurveda physicians who are already getting some sort of aid from the Government. There is no doubt that the ayurveda system of treatment is growing day by day highly popular and that it is found to be more efficient and useful. Watever may be the statistics under the allopathic system, there is no doubt that the people of this country have a peculiar affinity for the ayurvedic system of treatment. It is cheaper. In these days of economic depression, people who are suffering from all kinds of ailments, cannot resort to the very costly system of allopathic treatment. People may not be in a position to pay the doctor's bills and to purchase the medicines prescribed by the allopathic doctors. So it will be very convenient and useful if the ayurvedic treatment is made available in the different parts of the country. It is seen from the Administration Report of the Ayurveda Department that there are only 125 grant-in-aid vaidyasalas and these were established about three or four years ago. Since then only two more vaidyasalas have been given grants temporarily. Apart from these 127 vaidyasalas Government have recognised, according to the Report of 1107, 114 ayurveda vaidyans. I

LIBRARY ARCHIVES Kerala Legislative Assembly

wish to urge that at least these 114 vaidyans may be given grants-in-aid immediately so that altogether there will be 241 vaidyasalas. This may not cost much to the Government, because out of 127 vaidyasalas recognised and given grants, there are only 4 receiving grants of more than Rs. 30 per mensem, 9 getting Rs. 25 per mensem and 16 getting a grant of Rs. 20 per mensem and all the remaining 98 get only a grant of Rs. 15 per mensem. That means if these 114 recognised vaidyans are given grants at the rate of Rs. 15, that may not cost very much to Government. So I would bring to the attention of Government as well as the members of this House the imperative necessity of giving grants to all the 114 recognised vaidyans immediately and also to raise the grants of the 127 vaidyans. The grants given to them are not sufficient in view of the highly responsible and useful work that they are discharging . These vaidyans are discharging duties equally well if not better than the allopathic doctors, atleast of the grade of Sub-Assistant Surgeons. My submission is that these vaidyans should be given a grant equal to the pay of the Sub-Assistant Surgeons. If Government say that funds are not available at present, then the minimum grant may be put at Rs. 25 and the maximum at Rs. 50. I do not think that is a very high demand.

MR. E. V. KRISHNA PILLAI (*Pattanamtitta*): Does the member advocate the giving of medicines freely as in Government Hospitals?

MR. K. SANKARAN (*Kartikapalli I*): When these vaidyans are put in charge of Government Ayurveda Hospitals, they may give medicines freely. Now they are not recognised as regular Government officials and their grants are very poor. It will be very unfair on the part of the members of this House to ask for free supply of medicines. Of course, it is good if medicines are given free. But at the present rates of grants given to them I do not think it will be proper to ask them to give medicines free.

MR. KAINIKKARA M. PADMANABHA PILLAI (*Changanachery I*): Cannot the vaidyans prescribe the medicines freely and ask the people to purchase them?

MR. K. SANKARAN (*Kartikapalli I*): They are also selling medicines. They diagnose the disease, prescribe medicines and also sell them. Of course, if the people want to puchase medicines, they can as well go elsewhere and purchase them. Even in allopathic hospitals doctors some times prescribe medicines and the patients, who can afford, take the prescription, go to the druggists and purchase the medicines rather than get useless medicines from the hospitals. My submission is that there are not sufficient facilities in the rural parts of the State for getting medical aid. So, Government can increase the number of grant-in-aid physicians. In 1106 the number of patients treated in all grant-in-aid vaidyasalas is 3 lakhs and odd and in 1107 it was 3,92,487. Over and above those treated in grant-in-aid vaidyasalas the recognised vaidyans also treated three lakhs and odd. That means that in 1107 about 6 lakhs were treated in all these ayurveda dispensaries.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Sankaran.]

That would go to show the increasing popularity and usefulness of this system of treatment and the service that these ayurvedic physicians are doing to the country. In view of these facts it would be only proper and legitimate on the part of Government to increase the number of vaidyasalas, and the minimum grant-in-aid may be fixed at Rs. 25 and the maximum at Rs 50. With these observations, I place the motion before the House.

MR. M. SIVATANU PILLAI (*Tovala*): Sir, I understand that the Ayurveda Department under the Government includes all the indigenous systems of treatment, that is to say, Ayurveda, Unani, and the Tamil or the Dravidian system of treatment. Sir, it behoves the Government to see that all these systems of medical treatment in which we have got faith should be sufficiently and fully encouraged. On reading the report on the administration of the Ayurveda Department, I find there is only one vaidyasala which has been given grant-in-aid, belonging to the Tamil system of treatment, out of a total number of 127 vaidyasalas. Sir, it could be very easily inferred that people living in that part of the country from which I come have faith, if they have any faith at all, only in their indigenous system of treatment. They have faith only in the Tamil system of treatment or as it is called *Sidha* vaidyam Government say that owing to lack of funds they are not able to distribute grants to all the rural vydiasalas. The majority of the people living in the villages, especially in South Travancore, in the taluks of Tovala and Agastisvaram, depend upon the local vaidyans who follow the *Chinta mani* or tamil system of medicine. There are not even sufficient vaidyans who have been given grants-in-aid or even recognition. This matter was frequently brought to the notice of the Government. As a result the Government offered, if I remember correct, to give as much encouragement to the tamil system of medicine as possible. I understand that numerous applications for encouragement and for grant-in-aid have been received from tamil vaidyans and yet the Government have simply forwarded them to the Municipality. Only those vaidyans that remain in the Municipality can have their applications considered by the Municipality. But it has been found that those who come from places outside the Municipal area not only do not receive encouragement at the hands of the Government but even an endorsement is not given to their applications.

If the Government do care for the health, welfare and life of the tamilian villagers though not they are prepared to encourage them in public service or their Tamil education which I can understand, they cannot allow themselves to go uncontested in this with regard to the medical aid to this Tamil system which has been found to be useful to the Tamilians. It behoves Government to see whether sufficient and more encouragement could not be given to this system of medicine on which particularly this section of the people entirely depends for their treatment.

LIBRARY ARCHIVES Kerala Legislative Assembly

MR. N. JOHN JOSEPH *(Nominated)* ഇംഗ്ലീഷ് വൈദ്യത്തിനു പ്രചാരം ലഭിക്കുന്നതിനുമുമ്പു മുതലെ ആയുർവേദവൈദ്യത്തോടാണ് ഈ നാട്ടിലെ അധികംപേർക്കും വിശ്വാസമുണ്ടായിരുന്നതു്. ഇപ്പോഴും ആ വിശ്വാസത്തിനു കുറ്റംതന്നെ ഉടവുതട്ടിയിട്ടില്ല. അതിനാൽ ഇംഗ്ലീഷ് വൈദ്യത്തിനെന്നപോലെതന്നെ ആയുർവ്വേദവൈദ്യത്തിനും പ്രചാരം കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

നാട്ടിൻപുറങ്ങളിൽ പാർത്തുവരുന്ന അധഃകൃതർക്കു സുഖക്കേടുകൾ ഉണ്ടാകുമ്പോൾ ആയുർവ്വേദവൈദ്യന്മാരിൽ നിന്നാണു് അത്യാവശ്യമായി സഹായംകിട്ടിവരുന്നതു്. അതിനാൽ ആയുർവേദകോളേജിൽ ഗവണ്മെൻറിൽ നിന്നു സ്റ്റൈപ്പൻറുകൊടുത്തു അധഃകൃതവർഗ്ഗത്തിൽപെട്ട ഏതാനും ആളുകൾക്കു പരിശീലനം നൽകി അധഃകൃതർക്കു എന്നല്ല മറ്റു പൊതുജനങ്ങൾക്കുപോലും പ്രയോജനം ഉള്ളവരാക്കിതീർക്കണമെന്നുകൂടി എനിക്കു അപേക്ഷയുണ്ടു്.

ഈ നാട്ടിൽ ആയുർവേദത്തോടുകൂടിത്തന്നെ വിഷചികിത്സയും മർമ്മചികിത്സയും നടത്തുന്നുണ്ടു്. "എളിയവൻറെ പുറവും വലിയവൻറെ കയ്യും" എന്നു ഒരു പഴഞ്ചൊല്ലുതന്നെയുണ്ടല്ലോ? മർമ്മചികിത്സക്കു പ്രാധാന്യം കൊടുക്കേണ്ടതു ഏറ്റവും അത്യാവശ്യമാണു്. സാധാരണ ദേഹത്തിനു കേടുപാടുകൾ സംഭവിക്കുന്നതു മുഴുവനും അധഃകൃതർക്കാണു്. അതിനാൽ അധഃകൃതരുടെ ഇടയിൽ മർമ്മചികിത്സകന്മാർ ഉണ്ടായിരിക്കുന്നുള്ളതു അപരിത്യാജ്യമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇവിടെത്തന്നെ പേരൂക്കട എന്ന സ്ഥലത്തു അധഃകൃതരിൽപെട്ട ഒരാൾ ഒരു മർമ്മ വൈദ്യശാല ഭംഗിയായി നടത്തിവരുന്നുണ്ടു്. അയാളുടെ സഹായംകൊണ്ടു പലയാളുകളും അധഃകൃതരെന്നല്ല മറ്റു സമുദായങ്ങളിൽപെട്ട ആളുകൾപോലും സുഖം പ്രാപിച്ചുപോയിട്ടുള്ളതായി എനിയ്ക്കറിയാം. ആയുർവേദഡയറക്ടർതന്നെ ഈ വൈദ്യൻ സമർത്ഥനാണെന്നു സർട്ടിഫിക്കറും കൊടുത്തിട്ടുണ്ടു്. ഇയാളുടെ വൈദ്യശാലയുടെ അംഗീകരണം നൽകീട്ടുണ്ടെങ്കിലും ഗ്രാൻറിനപേക്ഷിച്ചപ്പോൾ അടുത്ത ഒഴിവുണ്ടാകുന്ന അവസരത്തിൽ ഗ്രാൻറുകൊടുത്തുകൊള്ളാമെന്നു അധികാരികൾ ഒരു ഇണ്ടാസുകിട്ടി. ഇതുകഴിഞ്ഞിട്ടു രണ്ടുമൂന്നുവർഷം ആയിഎങ്കിലും അയാൾക്കു ഇതുവരെ ഗ്രാൻറു കൊടുത്തിട്ടില്ല. ഇപ്രകാരം അധഃകൃതരാൽ സ്ഥാപിക്കപ്പെടുന്ന മറ്റു വൈദ്യശാലകൾക്കും ഗ്രാൻറു നൽകേണ്ടതാണെന്നു ഞാൻ ഗവണ്മെൻറിനെ പ്രത്യേകം ഉത്ബോധിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. JohnJoseph]

വിഷചികിത്സക്കും ആയുർവേദത്തിൽ ഒരു പ്രധാന സ്ഥാനമുണ്ടെന്നു ഞാൻ മുൻപു പ്രസ്താവിച്ചുല്ലോ? ഒടുവിലത്തെ ശ്രീമൂലംപ്രജാസഭയിൽ മി. മാക്കോസ് കാഞ്ഞിരപ്പള്ളിയിൽ ഒരു അധഃകൃതസ്ത്രീ ഒരു വിഷചികിത്സാമന്ദിരം തുറന്നു വിഷചികിത്സ നടത്തിവരുന്നതായി പറയുകയുണ്ടായി. ആ സ്ത്രീക്കു ഒരു ഗ്രാന്റുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു പ്രത്യകം ശ്രദ്ധ പതിപ്പിക്കണമെന്നുകൂടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ആയുർവ്വേദഇൻസ്പെക്ടർതന്നെ ഈ സ്ഥലം പരിശോധിയ്ക്കാൻപോകുന്നുണ്ടെന്നു പറയുകയുണ്ടായി. ആ പരിശോധനയുടെ ഫലം എന്താണെന്നു അറിയുന്നില്ല. ഈ വിഷയങ്ങളിൽ പരീക്ഷായോഗ്യതനിർണ്ണയിക്കേണ്ടതു ആരാണെന്നതന്നെ ഒരു ശ്രുപവുംഇല്ല. പരിശീലനമാണു പ്രധാനം. ആയുർവ്വേദഇൻസ്പെക്ടർ ഈ സ്ത്രീ നല്ല പരിശീലനം സിദ്ധിച്ചു വൈദ്യശാസ്ത്രമുള്ള ഒരുത്തിയാണെന്നു എന്നോടുതന്നെ പറഞ്ഞിട്ടുണ്ടു്. അതിനാൽ ഈ സ്ത്രീക്കു ഒരു ഗ്രാന്റനുവദിച്ചുകൊടുക്കണമെന്നു ഞാനപേക്ഷിക്കുന്നു.

അധഃകൃതർക്കു മറ്റാശുപത്രികളിൽപോയി ചികിത്സനടത്തുന്നതിനുള്ള സൌകര്യം വളരെ കുറവായിരിക്കുന്നതുകൊണ്ടു ആയുർവേദഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിച്ചാൽ അധഃകൃതർക്കു മാത്രമല്ല മറ്റുള്ളവർക്കുംകൂടി അതു പ്രയോജനകരമായിരിക്കും. ഇതുയും പ്രസ്താപിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. V. RAMAKRISHNA PANICKAR (*Kartikapalli II*) : I also support the motion. I have myself tabled a similar motion. Many of my points have been touched upon by previous speakers. So I would add only a few words.

It would be admitted on all hands that the Ayurveda system of treatment is very much cheaper than allopathic treatment. Even though there are 84 medical institutions including hospitals and dispensaries they are not sufficient to give aid to the people in the country, They are situated in the head quarters of the taluk and in certain other important centres. They do not prove useful to the people who inhabit rural areas. It may be said that there are nearly 130 Viadiyasalas. These vaidiyasalas are run by private agencies to whom only small grants are given. No Vaidiyasala is being maintained by the Government. Considering the low cost of maintaining the vaidiasalas it would have been well and good if Government itself had opened and maintained vaidyasalas. There are 500 and odd pakuthies in the whole State. There is only on vaidyasala for every four pakuthies. According to this calculation the taluk of Kartikapalli which has 18 pakuthies can claim to have 5 vaydiasalas. But there is only one there. Even though there are 134 vaidiyasalas they are situated in Municipal

LIBRARY ARCHIVES Kerala Legislative Assembly

areas where there are hospitals and dispensaries. So my point is that the recognized vaidiyans who number about 114 should also be given grants.

In this connection I have to point out that many of these vaidiyans who already receive grants are sufficiently old. They have passed 55,60 and in some cases 70. In the Medical Department officers are retired at 55. This is owing to their physical incapacity to do their work efficiently. That also apply to the case of ayurveda vaiydians. Therefore what I have to point out is that grants paid to such physicans as are more than 55 years should be withheld and given to recognised vaidiyans.

MR. K. GEORGE (*Chief Secretary to Government*) : Is not an old experienced Vaidiyan often better than a young Vaidiyan ?

MR. V. RAMAKRISHNA PANICKAR (*Kartikapalli II*) ; That is true. He may be physically incompetent to attend to his duties efficiently and properly.

MR. E. V. KRISHNA PILLAI (*Pattanamtitta*) : Is it the opinion of the member that men even in public work are incompetent after 55 ? (*laughter*).

MR. V. RAMAKRISHNA PANICKAR (*Karikapalli II*) : Officers over 55 are retired. The same case applies to the vaiydians who have to do public work on behalf of the public.

MR. P. K. NARAYANA PILLAI (*Ambalapuzha I*) : Is it the opinion of the member that Vakils above 55 should also retire from practising ? (*Laughter*).

PRESIDENT : That does not arise.

MR. V. RAMAKRISHNA PANICKAR (*Kartikpalli II*) : If it is possible it may be done.

With these words I support the motion.

MR. CHANGANACHERY K. PARAMESVARAN PILLAI (*Kunnattur cum Pattanapuram*) : Sir, I rise to support the motion. In doing so I wish to point out that the number of vaidyasalas now helped by the Government is very very small. I think the Ayurveda Department was started by the Government more than 35 years ago and still we have got only 127 vaidyasalas started by the Government That works out to about 3½ vaidyasalas per year and about Rs. 500. There is no doubt that this is very inadequate. As has been pointed out the benefits of the hospitals do not reach the men who live in the villages. The ayurveda vaidyan is the poor man's physician. It is he who should be helped in order that the poor man may get some medical aid especially in the villages. It is therefore the duty of the Government to increase the number of vaidyasalas and to help them as far as possible. It appears to me that for the State of Travancore there should not be one vaidyasala per pakuthi. I think there should be vaidyasalas in every village. There should be 5,000 vaidyasalas to

LIBRARY ARCHIVES Kerala Legislative Assembly

[Mr. Changacherry Paramesvran Pillai]

serve the poor people in the villages. The reason given by Government for this inadequate help is insufficiency of funds. When ever any application is made by any vaidyans for grant-in-aid he is met by the answer " no funds". To cite an instance in my own constituency, Kalanjur where an application was met by the answer, no funds'. I saw the endorsement given to Mr. E. V. Krishna Pillai in which the answer given is that there are no funds. It appears to me Sir, that it is the duty of the Government to find funds for helping these institutions who serve these poor people.

Another matter which I wish to bring to the notice of the Government is the present condition of the local Ayurveda hospital. That hospital has been in existence for a number of years.

PRESIDENT: That comes under the next motion.

MR. T. P. RAMASUBBA AIYAR (*Nominated*): Sir, I rise to support the motion. At the outset let me say that I agree generally with the views expressed by the previous speakers. I would confine my remarks to the necsesity for increasing the number of aided Ayurveda Vaidyasalas and the need for further increasing the grants awarded to them. In regard to the number of institutions I find that Government had before them a definite programme of increasing the institutions steadily from year to year. The maximum therein fixed was 120 Ayurveda Vaidyasalas. That maximum was reached in the year 1104. 4 years have lapsed since, and during that period I find that 5 new Vaidyans have been given grants permanently. I think this rate of progress is not enough. As observed previously, dividing the 125 Vaidyasalas among the 420 pakuthies in the State we get one Vaidyasala for 3 1/2 pakuthies on an average. I would urge the need for Government laying down a fresh programme keeping as an ideal one aided Vaidyasala for each pakuthi. If there is a programme like that and it is followed from year to year and necessary funds allotted for the award of grants to deserving Vaidyans, I think matters will improve, I press this for the consideration of Government.

In regard to the number of Ayurvedic hospitals there is only one Government institution at Trivandrum at present for the whole State and there are there aided hospitals outside Trivandrum. I am not speaking of the Ayurvedic hospitals at Trivandrum but in regard to the need for increasing the number of such hospitals in the State. I find Government are awarding grants only to three private institutions. It may be that there are not more private persons coming forward for grants, after starting such hospitals. To me it appears Government should extend the scope of Ayurvedic system of treatment and in deserving cases, the institutions should be run at Government cost.

LIBRARY ARCHIVES Kerala Legislative Assembly

Coming now to the increase in grants I think a monthly grant of Rs. 15, per mensem, per Vaidyan, for all the trouble he takes in starting the institution and running it wholly at his own cost, is very low. In that class, there are at present 78 vaidyans. They may be given the next higher grade as a minimum grant *viz.*, Rs. 20 per mensem. In regard to hospitals, the grant they get is insufficient. At least Rs. 100 per mensem may be awarded as grant to such institutions.

MR. T. T. KESAVAN SASTRI (*Nominated*): സർ, രോഗങ്ങളും ജനങ്ങളും വർദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ സർക്കാർ വൈദ്യശാലകളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. നല്ല വൈദ്യശാലയൊ സമർത്ഥനായ വൈദ്യനൊ ഇല്ലാത്ത പല ഗ്രാമപ്രദേശങ്ങളും ഇപ്പോഴുണ്ടെന്നുള്ളതു് ഒരു പരമ്യമായ സംഗതിയാണ്. ചില ഗ്രാമവാസികൾക്കു പന്ത്രണ്ടും പതിന്നാലും നാഴികയ്ക്കുള്ളിലുള്ള വൈദ്യശാലകളേയും ആസ്പത്രികളേയും അഭയം പ്രാപിക്കേണ്ടതായിട്ടുണ്ട്. അതിനാൽ പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾക്ക് ഉടനടി വേണ്ട നിവാരണം ചെയ്യുന്നതിനു സൌകര്യമില്ലാതെ പലരും അകാലനിര്യാതന്മാരായി തീരുന്നതിനു സംഗതിയാകുന്നുണ്ട്.

ഈ സന്ദർഭത്തിൽ എനിക്ക് പ്രത്യേകം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ളതു് അധഃകൃതവർഗ്ഗക്കാരെപ്പറ്റിയുള്ള ഏതാനും കാര്യങ്ങളാണ്. വിവിധവിഷയങ്ങളിലെന്നപോലെ ആയുർവേദാദ്ധ്യയനത്തിനും വൈദ്യപരിശീലനത്തിനും സൌകര്യം സിദ്ധിച്ചിട്ടുള്ളവർ അധഃകൃതരുടെ ഇടയിലുണ്ട്. അതായതു് "ആയുർവ്വേദശാസ്ത്രി", "ആയുർവ്വേദകലാനിധി" മുതലായ വൈദ്യപരീക്ഷകൾ പാസ്സായിട്ടുള്ളവർ അധഃകൃതരുടെ ഇടയിൽ, അപൂർവമായിട്ടെങ്കിലും, ഇല്ലാതില്ല. അങ്ങനെയുള്ളവരിൽ ആർക്കുംതന്നെ അംഗീകൃതസഹായസഹകരണങ്ങളൊന്നും ഇന്നും ഗവണ്മെൻറിൽനിന്നു ലഭിച്ചിട്ടില്ലെന്നുള്ള സംഗതി സവ്യസനം ഇവിടെ ഓർമ്മിക്കാതിരിക്കാൻ എന്റെ മനസ്സു് അനുവദിക്കുന്നില്ല. ഫാർവ്വ-ലെ വൈദ്യകലാനിധി പരീക്ഷയിൽ വിജയിയായി ഒരാൾ വരാപ്പുഴ എന്ന സ്ഥലത്തു് ഒരു വൈദ്യശാല സ്ഥാപിച്ചു നടത്തിവരുന്നു. അവശ സമുദായത്തിൽപ്പെട്ട ഈ വൈദ്യന്റെ കാര്യം ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നു. വൈദ്യശാലകൾക്കു ഗ്രാൻറു നൽകിയിരുന്ന അവസരങ്ങളിൽ എല്ലാം അധഃകൃതവർഗ്ഗത്തിൽപ്പെട്ട ഈ വൈദ്യന്റെ കാര്യവും ഗവണ്മെൻറ് വിസ്മരിക്കയാണ് ചെയ്തിട്ടുള്ളതു്. പൊതുജനാരോഗ്യാഭിവൃദ്ധിയെ ലാക്കാക്കി ചികിത്സകന്മാർക്കു ഗ്രാൻറു കൊടുക്കുക എന്നൊരു നയം ഗവണ്മെൻറു സ്വീകരിക്കുകയും ആ ഇനത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

ൽപ്രതിവർഷം ഗണ്യമായ തുക വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ പ്രതിവർഷം ചെലവുചെയ്യുന്ന സംഖ്യ പരമ്പരക്കു എല്ലാജനങ്ങൾക്കും ഒന്നുപോലെ പ്രയോജനീഭവിക്കേണ്ടതാണു്. ജനസംഖ്യ പ്രതിവർഷം വർദ്ധിച്ചുവരുന്ന ഈ രാജ്യത്തിന്റെ ഓരോഭാഗങ്ങളിലും രോഗനിവാരണാർത്ഥം പൊതുജനക്ഷേമത്തെ മുൻനിറുത്തി ഗവണ്മെൻറിൽ നിന്നു ചെയ്യുന്ന പ്രവർത്തനങ്ങളിൽ ആയുർവ്വേദഡിപ്പാർട്ടുമെൻറിനുകൂടി പ്രത്യേകം ഒരു സ്ഥാനം നൽകുന്നപക്ഷം അതു പൊതുജനങ്ങളുടെ സമാധാനത്തിനും സുഖസംരക്ഷണത്തിനും കൂടുതൽ പ്രയോജനപ്പെടുന്നതാണെന്നുള്ള വിവരംകൂടി ഈ അവസരത്തിൽ ഗവണ്മെൻറിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഏതായാലും പരീക്ഷാവിജയികളായ അധ്യേതൃക്കൾ ഗ്രാൻറനുവദിക്കുന്ന വിഷയത്തിലും ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗങ്ങളും നൽകുന്ന വിഷയത്തിലും ഗവണ്മെൻറിന്റെ മയാദാഭ്യി പ്രത്യേകം പതിയേണ്ടതാണെന്നു ഇവിടെ പ്രസ്താപിച്ചുകൊള്ളുന്നു.

MR. S. NILAKANTA PILLAI (*Chirayinkil II*): Sir, we have in this State two main systems of treatment, Allopathy and Ayurveda. The allopathy, an Europen system of treatment, was first introduced in this country in 986 M. E. in the reign of Her Highness Gouri Laksimi Bai. Since then the particular care and attention which was bestowed upon this system has been conducive to the development and spread of the system throughout the country. The Ayurveda—the indigenous system of treatment, which existed long before Allopathic and other systems came into [illegible] was neglected. The Ayurveda system of treatment has been proved to be very efficacious and that fact has been testified to by the Government in the Administration Report of the Department for 1107. In spite of the proved efficacy of the Ayurveda system of treatment I wonder why Government did not render sufficient encouragement to that system; I wonder why the Government did not see to its spread throughout the country. The Ayurveda system of treatment is effective in the matter of medicine. It is cheap; so it is desirable and advisable to see that this system of treatment is developed and spread far and wide so that the poor people of the country may take advantage of it. The Travancore Darbar and the British Government after the publication of the Hussain Report have come to realise the merits of the Ayurveda system of treatment. The Government do not seem to have taken any action in the matter of developing this system. In this connection, I would request Government to reorganise the department on up-to-date lines and increase the minimum grant to aided Vaidyasalas from Rs. 15 to Rs. 30 and also to establish Government Ayurvedic hospitals throughout the country. With these words I support the motion brought forward by Mr. K. Sankaran.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. VELU PILLAI (*Trivandrum-Urban*): Are there not rich persons who also take advantage of the Ayurveda system of treatment?

MR. S. NILAKANTA PILLAI (*Chiryinkil II*): Yes there are.

MR. V. K. VELAPPAN NAIR (*Vaikam*) : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആയുർവ്വേദചികിത്സാസമ്പ്രദായത്തിൽ ജനങ്ങൾക്കു വിശ്വാസം വർദ്ധിച്ചുവരുന്നു എന്നുള്ള സംഗതിയിൽ പക്ഷാന്തരമില്ല. കുറെയധികമായി ഈ ചികിൽസാസമ്പ്രദായത്തെ ഗവണ്മെൻറ് പ്രോൽസാഹിപ്പിക്കയാണെന്നാണ് വയ്പ്. എങ്കിലും ഈ ആണ്ടത്തെ ബഡ്ജറ്റു പരിശോധിക്കുന്നതായാൽ ഇതിൽ പ്രത്യേകമായി യാതൊരു ശ്രദ്ധയും ഗവണ്മെൻറു കാണിക്കുന്നില്ലെന്നുള്ളതു പ്രത്യക്ഷമാകുന്നതാണു. കഴിഞ്ഞ കൊല്ലത്തിലുണ്ടായിരുന്ന നാലു് ആയുർവ്വേദാശുപത്രികളും ഫ്രീ ഗ്രാൻറുവൈദ്യശാലകളുമല്ലാതെ പുതിനമായി ഒന്നുംതന്നെ അടുത്തകൊല്ലത്തിലേക്കു ബഡ്ജറിൽ ചേർത്തുകാണുന്നില്ല. ഇനി ഒരു വിശേഷസംഗതി ബഡ്ജറിൽകാണുന്നതു ഫ്രീ ഗ്രാൻറു കൊടുക്കുന്ന വകയ്ക്കായി നൂറു, ഫ്രീ രൂപാകൊള്ളിച്ചിരുന്നതു് ഫ്രീ ൻ ലായപ്പോൾ നൂറു, ഫ്രീ രൂപായായി കുറച്ചു എന്നുള്ളതാണ്. ഇതു് ഈ ഡിപ്പാർട്ടുമെൻറിനോടു കാണിക്കുന്ന ഒരുപ്രോൽസാഹനമാണോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഒരു വലിയതുക ചെലവുചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ടാണു് നാട്ടിൻെറ എല്ലാഭാഗങ്ങളിലും അലോപ്പതിചികിത്സാ സംമ്പ്രദായം നടപ്പിലാക്കാത്തതെന്നു് ഇന്നലെ ഡർബാർഫിസിഷ്യൻ പറയുകയുണ്ടായി. എന്നാൽ ആയുർവേദചികിൽസാസമ്പ്രദായം നാട്ടിലെല്ലായിടത്തും നടപ്പിലാക്കാൻ വലിയ ചെലവില്ലെന്നു ഗവണ്മെൻറും അതുപോലെതന്നെ ജനങ്ങളും സമ്മതിക്കുന്ന സ്ഥിതിക്കു് ഇതങ്കിലും നടപ്പിൽ വരുത്താൻ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇതിനുമുമ്പു് ഇവിടെ സംസാരിച്ച ഒരു മാന്യമെമ്പർ ഈ സംസ്ഥാനത്തു ൩,൦൦൦ കരകളുണ്ടെന്നും ഓരോ കരയ്ക്കും ഓരോ ആയുർവ്വേദവൈദ്യശാലവീതം അനുവദിക്കേണ്ടതാണെന്നും പ്രസ്താവിക്കയുണ്ടായി. എന്നാൽ ഓരോ കരയിലും ഓരോ വൈദ്യശാലയില്ലെങ്കിലും ഓരോപഞ്ചായത്തിനോടുമെങ്കിലും ഓരോ വൈദ്യശാലയുണ്ടായിരിക്കണമെന്നാണു് എൻെറ അഭിപ്രായം.

വൈദ്യശാലകൾക്കു നൽകിവരുന്ന ഗ്രാൻറു വർദ്ധിപ്പിക്കണമെന്നു് ഇവിടെ ചിലർ പ്രസ്താവിക്കയുണ്ടായി. ഈ സാമ്പത്തികാധഃപതനകാലത്തു ഗ്രാൻറു വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

ജിക്കുന്നില്ല. ഇപ്പോൾ ശ്രുപാവീതം ഗ്രാന്റുകൊടുക്കുന്നതിനുപകരം ഈ ശ്രുപാവീതം ഗ്രാന്റുള്ള വൈദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഗ്രാന്റുവൈദ്യശാലകളുടെ എണ്ണം വർദ്ധിപ്പിച്ചശേഷം നമുക്കു സാമ്പത്തികാഭിവൃദ്ധിയുണ്ടാക്കുന്നകാലത്തു അവരെ കൂടുതൽ പ്രോൽസാഹിപ്പിക്കയും ചെയ്യാം. എന്നാൽ ഇപ്പോഴത്തെ ഗവണ്മെന്റിൽനിന്നും കിട്ടുന്ന ഗ്രാന്റിനുപുറമെ അവരുടെ ഉപജീവനത്തിനു ശരിയായ ഒരു തുക മറ്റു മാർഗ്ഗങ്ങളിൽനിന്ന് അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്നുമുണ്ട്.

MR. K. SANKARAN (*Kartikapalli I*): അലോപ്പതി ഡാക്ടർമാർക്കു ഗവണ്മെന്റുശമ്പളംകൂടാതെ നല്ല പ്രതിഫലം കിട്ടുന്നുണ്ടെന്നറിയാമോ?

MR. V. K. VELAPPAN NAIR (*Vaikam*): അറിയാം.

തിരുവിതാംകൂറിൽ ആകെ ആയുർവേദകാളേജിനുപുറമെ നാലു ആയുർവേദസ്കൂളുകളുള്ളതായി റിപ്പോർട്ടിൽ കാണുന്നുണ്ട്. ഇവയ്ക്കു ഗവണ്മെന്റിൽനിന്നും ഓരോതുക ഗ്രാന്റായി കൊടുത്തുവരുന്നുമുണ്ട്. വയ്യത്തു ഒരു ആയുർവ്വേദസ്കൂളുള്ളതു് എനിക്കു നേരിട്ടറിവുള്ള ഒരുസംഗതിയാണ്. സ്കൂളിനെ സംബന്ധിച്ചു യാതൊന്നുംതന്നെ റിപ്പോർട്ടിൽ പറഞ്ഞുകാണുന്നില്ല. ആ സ്കൂളിന് ഒരു റക്കഗ്നിഷനും, അവിടത്തെയ്ക്കു ഒരു പരീക്ഷാസെൻറും കൊടുക്കണമെന്നും ഏതൽഭാരവാഹികളും ആ നാട്ടുകാരും വളരെകാലമായി ആവശ്യപ്പെട്ടിട്ടുംഗവണ്മെൻറ് അതിൽ യാതൊരു ശ്രദ്ധയും പതിപ്പിച്ചുകാണുന്നില്ല. മദ്രാസ് മെഡിക്കൽ കാളേജിൽ തിരുവിതാംകൂറിലേ ആദ്യ ചിത്ര്യാത്ഥികൾക്കെ സ്ഥാനമുള്ളൂ എന്ന കാരണകയും നാട്ടിൽ അനവരതം വർദ്ധിച്ചുവരുന്ന രോഗങ്ങൾക്കു ശമനമുണ്ടാക്കേണ്ടതത്യന്താപേക്ഷിതമായി വരികയും ചെയ്യുന്നസ്ഥിതിക്കു, നാട്ടുചികിൽസ നടത്തുത്തക്കവണ്ണം, ആ ശാസ്ത്രം അറിയാവുന്ന കുറെപേരെ സൃഷ്ടിക്കേണ്ടതത്യാവശ്യമായി തിന്നിട്ടുണ്ട്. അതിനാൽ ഇങ്ങനേയുള്ള സ്ഥാപനങ്ങൾക്കു വേണ്ട പ്രോൽസാഹനം ഗവണ്മെൻറിൽനിന്നു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ഈരാജ്യത്തു കൊല്ലം, കിളിമാന്തൂർ, തിരുവനന്തപുരം, നാഗർകോവിൽ ഈ നാലുസ്ഥലങ്ങളിലായി നാലു ആയുർവ്വേദആശുപത്രികളാണുള്ളതു്. മറ്റു കാര്യങ്ങളിലെന്നപോലെ ഇതിലും ഉത്തരതിരുവിതാംകൂറിനെ നിർദ്ദോഷം ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു. അതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ ഉത്തരതിരുവിതാംകൂറിലേക്കും ഒന്നോ രണ്ടോ ആയുർവ്വേദആശുപത്രി അനുവദിച്ചുകൊടുത്തു ആയുർവ്വേദചികിത്സാസംമ്പ്രദായത്തെ കൂടുതൽ പ്രയോജനകരമാക്കിത്തീർക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. T. S. JAYANTAN NAMOCUTIRI (*Travancore Jennies, North*): ഈ സഭയുടെ പഴ്യാലോചനയ്ക്കു വിഷയീഭവിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ആയുർവ്വേദചികിത്സാസമ്പ്രദായം ഈ രാജ്യത്തിൽ വളരെ പുരാതനകാലംമുതൽക്കു് നടപ്പുള്ള ഒന്നാണു്. ഇംഗ്ലീഷ്ചികിത്സയ്ക്കു തിരുവിതാംകൂറിൽ പ്രവേശനം സിദ്ധിക്കുകയും ഗവണ്മെൻറു് അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കയും ചെയ്തകാലംമുതല്ക്കുതന്നെ ആയുർവ്വേദത്തിനു അധഃപതനം തുടങ്ങിയതു്. എന്നാൽ കുറച്ചുകാലങ്ങളായി ഗവണ്മെൻറിൽനിന്നും ആയുർവ്വേദത്തിനു് ചില പ്രോത്സാഹനങ്ങൾ നൽകുന്നുണ്ടു് എന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെയാണു്. എന്നാൽ ആയുർവ്വേദത്തിനു ഗവണ്മെൻറുചെയ്യുന്ന സഹായം തൃപ്തികരമാണെന്നു് പറയുവാൻ നിവർത്തിയില്ല. പല ശാസ്ത്രപ്രകാരമുള്ള ചികിത്സാസമ്പ്രദായങ്ങളും തിരുവിതാംകൂറിൽ നടപ്പുണ്ടെങ്കിലും അവയോടെല്ലാം കിടനില്ക്കത്തക്കവണ്ണമുള്ള പ്രാമാണ്യം ആയുർവ്വേദത്തിനുണ്ടു. ഇതു 1096 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൊണ്ടുതന്നെ തെളിയുന്നുമുണ്ടു്. അലോപ്പതിചികിത്സയെക്കാൾ ആയുർവ്വേദചികിത്സയ്ക്കു ചിലവു കുറയുമെന്നുള്ളതും പ്രസ്താവയോഗ്യമാണു്. അതിനാൽ ആയുർവ്വേദചികിത്സാസമ്പ്രദായത്തിനു കൂടുതൽ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നും, മറുചിലർ പറഞ്ഞതുപോലെ എല്ലാപകുതികളിലുംതന്നെ ഓരോ വൈദ്യശാലകൾ സ്ഥാപിച്ചു് അധുകൃതക്കു എന്നുമാത്രമല്ല എല്ലാവക്കും ഉപകരിക്കത്തക്കനിലയിൽ ആക്കിത്തീർക്കണമെന്നും ഉള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. N. E. VARUGHESE (*Tiruvalla I*): സർ, ആയുർവ്വേദചികിത്സാസമ്പ്രദായം പാശ്ചാത്യചികിത്സാസമ്പ്രദായത്തേക്കാൾ ഈനാട്ടിലെജനതതിക്കു് പഥ്യമായ ഒന്നാണെന്നും മറ്റതിനെ അപേക്ഷിച്ചു ചിലവു കുറവുള്ള ഒന്നാണു് ഇതെന്നും ഉള്ള സംഗതി എല്ലാവക്കും അറിയാവുന്നതാണു്. ഈ സഭമുമ്പാകെ ഇതിനെസംബന്ധിച്ചു മുൻകാലങ്ങളിലും ഇന്നേദിവസവും നടത്തിയിട്ടുള്ള വാദപ്രതിവാദങ്ങളിൽനിന്നും ഇതു ഏറെക്കുറെ വെളിവാകുന്നുണ്ടു്. ആയുർവ്വേദചികിത്സാസമ്പ്രദായം ഈനാട്ടുകാർക്കു പറ്റിയ ഒന്നാണെന്നു ഗവണ്മെൻറു ധരിച്ചിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. E. Varughese.]

അതിനോടു ഗവണ്മെൻറു അനുവർത്തിച്ചുവരുന്നതും ഒരു ചിറ്റമ്മ നയമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പാശ്ചാത്യചികിത്സാസമ്പ്രദായത്തിനുവേണ്ടി ൻ ലക്ഷം രൂപായോളം വരുന്ന ഒരു തുക ഗവണ്മെൻറു ബജനാവിൽനിന്നും ചിലവാക്കുമ്പോൾ നാട്ടുചികിത്സാസമ്പ്രദായത്തിനു ൧൦,൦൦൦-ത്തിൽചിലപ്പോൾ രൂപാമാത്രമെ ചിലവാക്കുന്നുള്ളൂ. ജനങ്ങൾക്കു ഏറ്റവും രുചിച്ചതും, ഏറ്റവും ഗുണകരവുമായ ഈ ചികിൽസാസമ്പ്രദായത്തിനു എന്തുകൊണ്ടും ചുരുങ്ങിയ ഒരു സംഖ്യ ചിലവാക്കുക എന്നുള്ള നയം ഒട്ടും ആശാസ്യമായിട്ടുള്ളതല്ല. ഇംഗ്ലീഷ്വൈദ്യത്തിനു ചിലവുചെയ്യുന്നതിൻെറ ൧൦ ശതമാനം മാത്രമെ ഇതിനു ചിലവുചെയ്യുന്നുള്ളൂ. പാശ്ചാത്യചികിൽസയ്ക്കു ഡർബാർവൈദ്യനെയും ഡെപിട്ടി ഡർബാർവൈദ്യന്മാരെയും ഒക്കെ സൃഷ്ടിച്ചു് അനവധി പണം ചിലവാക്കാൻ നിശ്ചയിച്ചിരിക്കുമ്പോൾ ആയുർവ്വേദവകുപ്പിനു വിദഗ്ധനായ ഒരു മേധാവിയെ നിയമിച്ചുകാണുന്നില്ല എന്നുള്ളതു ഏറ്റവും പരിതാപകരമായ ഒന്നാകുന്നു. ഇന്നു ഒരു ഇൻസ്പെക്ടരുടെ അധീനതയിലാണു് ഈ ഡിപ്പാർട്ടുമെൻറിനെ വച്ചുകൊണ്ടിരിക്കുന്നതു്. നല്ലതായ ഒരു ശമ്പളംകൊടുത്തു ഒരു വിദഗ്ധനെ ഇതിൻെറ മേധാവിയായി വയ്ക്കേണ്ടകാലം ഏറ്റവും അതിക്രമിച്ചിരിക്കുന്നു. ഈകാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധയെ ഞാൻ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

നാട്ടുചികിൽസാസമ്പ്രദായത്തിനു ഇപ്പോൾ നൽകിവരുന്ന ഗ്രാൻറു വളരെ തുശ്ചമാണെന്നാണു് ഇവിടെ മറ്റൊരഭിപ്രായം പ്രകടിപ്പിച്ചതു്. ഇപ്പോൾ നൽകിവരുന്ന ൧൫ രൂപാ ശരിയായ ഒരു തുകയല്ല. ഇപ്പോഴത്തെ കാലസ്ഥിതിനോക്കുന്നപക്ഷം ഒരു ൨൫ രൂപായെങ്കിലും ഗ്രാൻറുകൊടുക്കേണ്ടതാണു. ഇതിനുംപുറമെ സാധുക്കളുടെയിടയിൽ ധാരാളം പ്രചരിക്കത്തക്കവണ്ണം, മി. ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള പറഞ്ഞതുപോലെ എല്ലാകരകളിലും വൈദ്യശാലകളും ഏർപ്പെടുത്തിയില്ലെങ്കിലും എല്ലാ പകുതികളിലും വൈദ്യശാലകളും സ്ഥാപിക്കേണ്ടതു അത്യാവശ്യമാണു്.

MR. S. J. NAIR (*Nedumangad*): ആയുർവ്വേദചികിൽസയ്ക്കാവശ്യമുള്ള മരുന്നുകളും എവിടെനിന്നു സംഭരിക്കാം?

MR. N. E. VARUGHESE (*Tiruvalla I*): ഈ നാട്ടിൽനിന്നുതന്നെ അതു സംഭരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. S. J. NAIR (*Nedumangad*) : ഫാറസ്റ്റിനകത്തു ഇതിനാവശ്യമുള്ള മരുന്നുകളില്ലേ?

MR. N. E. VARUGHESE (*Tiruvalla I*) : വനങ്ങളിൽ ഞാൻ സഞ്ചരിച്ചിട്ടില്ല; എങ്കിലും അവിടെ ധാരാളം മരുന്നുകൾ കാണുമെന്നാണ് എന്റെ അറിവ്.

[Messrs: S. J. Nair and R. Raman Pillai were interrupting the member at the same time.]

PRESIDENT : One question at a time please.

MR. S. J. NAIR (*Nedumangad*) : വനത്തിനകത്തുള്ള മരുന്നുകൾ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും സംഭരിച്ചു ആയുർവ്വേദഡിപ്പാർട്ടുമെന്റിനു കൊടുത്താൽ നന്നായിരിക്കയില്ലേ?

MR. N. E. VARUGHESE (*Tiruvalla I*) : നന്നായിരിക്കും.

MR. K. KUNJUKRISHNA PILLAI (*Quilon I*) : ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് പച്ചമരുന്നുകളിൽ വൈദഗ്ദ്ധ്യമുണ്ടോ?

MR. N. E. VARUGHESE (*Tiruvalla I*) : സാധാരണയായുള്ള കാര്യങ്ങളുടെ പരിചയത്തിൽ കൂടുതൽ അവർക്കു പച്ചമരുന്നുകളെപ്പറ്റി ഉണ്ടായിരിക്കാം.

MR. EDAVANATT S. PADMANBAHA MENON (*Shertala I*) : തടിശേഖരിക്കുന്നകൂട്ടത്തിൽ പച്ചമരുന്നുകളും ശേഖരിക്കണമെന്നാണൊ അഭിപ്രായം?

MR. N. E. VARUGHESE (*Tiruvalla I*) : അങ്ങിനെ ഞാൻ പറഞ്ഞില്ലല്ലോ.

MR. K. P. KRISHNA MENON (*Parur*) : ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെ മരുന്നുപറിക്കാൻകൂടി ചുമതലപ്പെടുത്തിയാൽ അതിലേക്കു പ്രത്യേകം ചിലവുവരികയില്ലേ?

MR. N. E. VARUGHESE (*Tiruvalla I*) : അതുകൊണ്ടു ആദായംകിട്ടുമെങ്കിൽ ചെലവുചെയ്താലും തരക്കേടില്ല.

MR. K. P. KRISHNA MENON (*Parur*) : മരുന്നുകളുടെ ഗുണദോഷമറിയാവുന്ന വൈദ്യന്മാർതന്നെ ശേഖരിക്കയല്ലേ നല്ലത്?

MR. N. E. VARUGHESE (*Tiruvalla I*) : ആരുശേഖരിച്ചാലും തരക്കേടില്ല അതു ജനങ്ങൾക്കുപയോഗപ്രദമായിതീരണം.

MR. S. J. NAIR (*Nedumangad*) : വനത്തിൽതാമസിക്കുന്ന കാണിക്കാർക്കു ഈ മരുന്നുകളുടെ പേരും വിവരവും അറിഞ്ഞുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. E. VARUGHESE (*Tiruvalla I*) : അറിയാമായിരിക്കാം.

MR. S. J. NAIR (*Nedumangad*): കാണിക്കാരും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരും യോജിച്ച പലതും പ്രവൃത്തിക്കുന്നുണ്ടെന്നു മെമ്പർക്ക് അറിയാമോ?

MR. N. E. VARUGHESE (*Tiruvalla I*) : ഇങ്ങനെ ഓരോ പകുതിയിലും ഓരോ വൈദ്യശാലകൾ ഏർപ്പെടുത്തി ഒരു രൂപാ വീതം ഗ്രാൻറു കൊടുക്കുന്നതായിരുന്നാൽ ഒരുലക്ഷത്തിഅൻപതിനായിരം രൂപായോളമേ ഗവണ്മെൻറിനു ചിലവു വരികയുള്ളൂ. ൻ ലക്ഷത്തോളം ഇംഗ്ലീഷ് വൈദ്യത്തിനു ചിലവു ചെയ്യാൻ മടിയില്ലാത്ത ഗവണ്മെൻറു ജനങ്ങൾക്കു വിശ്വാസമുള്ള ആയുർവ്വേദത്തിനു ഒരു ലക്ഷത്തിൽ ചിലപ്പോൾ രൂപാ ചിലവാക്കുന്നു എങ്കിൽ അതു ഒട്ടും അസ്ഥാനത്തിലാവുകയില്ല. ഈ വിഷയത്തിൽ ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : സർ, മി. ശങ്കരൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. ഈ അവസരത്തിൽ എനിക്കു പ്രത്യേകം പ്രതിപാദിക്കാനുള്ളതു് ആയുർവ്വേദഡിപ്പാർട്ടുമെൻറിലെ ബാലചികിത്സാവിഷയത്തിൽ കൂടുതൽ പ്രോത്സാഹനം നൽകണമെന്നുള്ളതാണു്. ഈ സംഗതി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടെന്നു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ നാലാം വശത്തുള്ള പ്രസ്താവന പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. തിരുവിതാംകൂറിൽ ആകെ ബാലചികിത്സയ്ക്കു് താല്ക്കാലികമായി ഒരു വൈദ്യശാലക്കു ഗ്രാൻറു കൊടുത്തുവരുന്നു എന്നാണു് അതിൽ പറഞ്ഞിരിക്കുന്നതു.

MR. S. J. NAIR (*Nedumangad*) : ബാലചികിത്സയുടെ ഹോമിയോപ്പതിയോ ആയുർവ്വേദമോ ഏതാണു് നല്ലതു്?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : അതിനെ സംബന്ധിച്ച താരതമ്യേന കൂടുതൽ വൈദഗ്ദ്ധ്യം സിദ്ധിച്ച ആളുകളോടു മെമ്പർ ആവശ്യപ്പെടണം.

അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൻെറ നാലാം വശത്തു് "The Vaidyasala conducted by Drowpadi Antharjanam deserves particular mention" എന്നു പറഞ്ഞു കാണുന്നു. ഈ വൈദ്യശാല ഉത്തമമായ രീതിയിൽ തിരുവല്ലാ താലൂക്കിൽ പാണ്ടനാട്ടുപകുതിയിലുള്ള ഒരു നമ്പൂ

LIBRARY ARCHIVES Kerala Legislative Assembly

തിരി അന്തഃജ്ജനം നടത്തിപോരുന്നുണ്ട്. ഫാർമസിൽ ഫാർമസി ബാലന്മാരെ അവിടെ ചികിത്സിച്ചിട്ടുള്ളതായും അതിൽ ഫാർമസി ബാലന്മാരുടെ സുഖക്കേടു നിമ്നോന്നതം ഭേദമായതായും അറിയാം.

MR. K. M. KRISHNAN (*Ambalapuzha II*): അന്തഃജ്ജനം നടത്തിവരുന്ന വൈദ്യശാലയിൽ സകലയാളുകൾക്കും വ്യത്യാസം കൂടാതെ പ്രവേശനമുണ്ടോ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): ജാതിമതഭേദം കൂടാതെ എല്ലാ ആളുകളേയും അവിടെ വളരെ ശ്രദ്ധയോടുകൂടി ഉത്തമമായ വിധം ചികിത്സിച്ചു വരുന്നതായി എനിക്കു നേരിട്ടറിയാം.

തിരുവിതാംകൂറിൽ ബാലമരണം കൂടുതലായിട്ടു കാണുന്നുണ്ട്. ഈ സ്ഥിതിക്കു ബാലചികിത്സാവകുപ്പിനെ ഗവണ്മെന്റു ഏറ്റവും പ്രോത്സാഹിപ്പിക്കേണ്ടതത്യാവശ്യമാണ്.

MR. K. KUNJUKRISHNA PILLAI (*Quilon I*): ബാലമരണത്തെപ്പറ്റി ഗവണ്മെന്റിൽനിന്നും തന്നിരിക്കുന്ന കണക്കു തെറ്റാണെന്നാണോ മെമ്പരുടെ അഭിപ്രായം?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): ഞാൻ പറഞ്ഞതു എന്റെ അഭിപ്രായമാണ്.

പ്രായമായവരുടെ സുഖക്കേടിന്റെ വിവരങ്ങൾ അവർക്കു തന്നെ വൈദ്യന്മാരെയോ ഡാക്ടർമാരേയോ അറിയിക്കാൻ സാധിക്കും. കുട്ടികളെ സംബന്ധിച്ചിടത്തോളം അതിനു നിവൃത്തിയില്ലാത്തതിനാലും ലക്ഷണങ്ങളിൽനിന്നും വിവേകബുദ്ധിയോടു തിരിച്ചറിയേണ്ടിയിരിക്കുന്നതിനാലും നല്ല വൈദഗ്ദ്ധ്യമുള്ള ആളുകളെക്കൊണ്ടു തന്നെ ചികിത്സിപ്പിക്കേണ്ടിയിരിക്കുന്നു. അതിനാൽ ബാലചികിത്സാർത്ഥം കൂടുതൽ വൈദ്യശാലകൾ ഈ രാജ്യത്തുണ്ടാക്കണം.

MR. A. S. DAMODARAN ASAN (*Mavelikara*): ബാലന്മാരെയും വൃദ്ധന്മാരെയും ചികിത്സിക്കാൻ പ്രത്യേകം വൈദ്യശാലകൾ വേണോ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): പ്രായമുള്ള ആളുകളെ ചികത്സിക്കുന്ന വൈദ്യൻ കുട്ടികളെ ചികത്സിക്കാൻ വൈദഗ്ദ്ധ്യമുണ്ടായി എന്നു എപ്പോഴും വരികയില്ല.

MR. A. S. DAMODARAN ASAN (*Mavelikara*): എല്ലാവരെയും ചികത്സിക്കുന്നതിനു വൈദഗ്ദ്ധ്യമുള്ളവർക്കു ഗ്രാന്റു കൊടുത്താൽമതി എന്നുവച്ചാൽ പോരെ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): അങ്ങിനെയാണെങ്കിൽ സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷന്മാർക്കും, വേറെ വേറെ ആശുപത്രിയൊ പ്രത്യേക അപ്പാൽമിക്ക് ആശുപത്രിയോ സ്ഥാപിക്കേണ്ട ആവശ്യം തന്നെയില്ലല്ലോ.

MR. A. S. DAMODARAN ASAN (*Mavelikara*): അപ്പാൽമിക്ക് ആശുപത്രി വേറെയാണല്ലോ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): അതു പോലുള്ള തത്വം ഇതിലും അന്തർഭവിച്ചിട്ടുണ്ട്.

അതിനാൽ ഞാൻ മുമ്പു പറഞ്ഞ അന്തഃജനം നടത്തിവരുന്ന വൈദ്യശാലയ്ക്കു നൽകുന്ന ഗ്രാൻറു സ്ഥിരപ്പെടുത്തുകയും ഇങ്ങനെയുള്ള വൈദ്യശാലകൾ കൂടുതൽ സ്ഥാപിക്കുകയും ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. E. K. KUNJURAMAN (*Nominated*) : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആയുർവേദഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു ഗവണ്മെൻറു പൊതുവെ അനുവർത്തിച്ചുവരുന്ന നയം ആശാസ്യമല്ലാതാണിരിക്കുന്നതു്. ആയുർവേദഡിപ്പാർട്ടുമെൻറിൽ നിന്നും ഈ സഭമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഭരണറിപ്പോർട്ടുകൊണ്ടു ആയുർവ്വേദത്തിൽ തിരുവിതാംകൂറിലെ ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന അഭിരുചി എത്രമാത്രമാണെന്നു മനസ്സിലാക്കാൻ കഴിയുന്നതാണു്. ഫൈനാൻഷ്യൽ സെക്രട്ടറിയുടെ ബഡ്ജറ്റു പ്രസംഗത്തിൽ തിരുവനന്തപുരത്തുള്ള ആയുർവേദാശുപത്രി ഫ ഫ ൦ ന്നു-നെ അപേക്ഷിച്ചു ഫ ഫ ൦ ൬-ൽ വളരെ അഭിവൃദ്ധിപ്പെട്ടിട്ടുള്ളതായി പറയുന്നുണ്ടു്. അലോപ്പതിചികിത്സാസംമ്പ്രദായത്തിൻറെ കേന്ദ്രസ്ഥാനമായി തീർന്നിരിക്കുന്ന ഈ തിരുവനന്തപുരം പട്ടണത്തിൽ തന്നെയും ആയുർവ്വേദവൈദ്യത്തിനു ഇത്രമാത്രം പ്രാധാന്യം വന്നിരിക്കുന്ന സ്ഥിതിക്കു തിരുവിതാംകൂർ ഗവണ്മെൻറിൽ നിന്നു ഈയാണ്ടു പുതുതായി വൈദ്യശാലകൾക്കു ഒരു പൈസാപോലും, ഗ്രാൻറു കൊടുക്കുന്നതിനു കൂടുതലായി ബഡ്ജറ്റിൽ ചേർത്തിട്ടില്ലെന്നുള്ളതു സങ്കടകരമായിട്ടു തന്നെയാണിരിക്കുന്നതു്. ഈ നിലയിൽ ആയുർവേദത്തെ അശേഷം പുഷ്ടിപ്പെടുത്താൻ സാധിക്കുന്നില്ല. ജനങ്ങൾക്കു പൊതുവെ വിശ്വാസവും തൃപ്തിയുമുള്ള ഒരു ചികിത്സാസംമ്പ്രദായത്തെ കഴിയുന്നതുവേഗത്തിൽ നാടൊട്ടുക്കു പരത്തി, ജനങ്ങൾക്കുപയോഗപ്രദമായ വിധത്തിൽ അതിനെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെൻറിൻറെ കർത്തവ്യമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആകെ ഏഴര അംഗീകൃതവൈദ്യശാലകൾ ഈ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമുള്ളതായി ഭരണറിപ്പോർട്ടുകൊണ്ടു കാണുന്നുണ്ട്. ഇവയിൽ ചിലതിനു അംഗീകാരംകൊടുത്തു എട്ടുംപത്തും വർഷമായികഴിഞ്ഞു. അംഗീകാരംകൊടുത്തിട്ടുള്ളതിൽ ചിലവ തീരെ നിരുപയോഗമായിട്ടുള്ളതാണെന്നുള്ളതു ഞാൻ ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ വളരെ നല്ലനിലയിൽ നടത്തിപ്പോരുന്നതും ഗവണ്മെൻറു പ്രോത്സാഹനത്തിനർഹമായിട്ടുള്ളതുമായ അനേകം വൈദ്യശാലകൾ ഈക്കൂട്ടത്തിലുണ്ട്. അവയ്ക്കു കഴിയുന്നതും വേഗത്തിൽ ഗ്രാൻറു അനുവദിച്ചു സഹായിക്കേണ്ടതാണെന്നു ഗവണ്മെൻറിനെ ഞാൻ അറിയിച്ചുകൊള്ളട്ടെ. തിരുവല്ലാതാലൂക്കിൽ പന്തളം വടക്കേക്കര പകുതിയിൽ ഒരു അംഗീകൃതവൈദ്യശാലയുണ്ട്. മൂലൂർ എസ്. പത്മനാഭപ്പണിക്കർ പല പ്രാവശ്യവും പ്രജാസഭയിൽ പറഞ്ഞതിന്റെ ഫലമായിട്ടാണ് ആ വൈദ്യശാലയ്ക്കു അംഗീകാരംകൊടുത്തിട്ടുള്ളതു്. ഇങ്ങനെ അംഗീകരണം കൊടുത്തിട്ടു രണ്ടുവർഷത്തിനുമേലായി എങ്കിലും ആ വൈദ്യശാലയ്ക്കു ഗവണ്മെൻറു യാതൊരുസഹായധനവും കൊടുത്തിട്ടില്ല. ഇതു പ്രശസ്തമായ രീതിയിൽ നടത്തിപ്പോരുന്ന ഒരു വൈദ്യശാലയാണെന്നുള്ളതിനു ആണ്ടുതോറുമുള്ള ഈ വൈദ്യശാലയുടെ റിപ്പോർട്ടുകൊണ്ടു ഗവണ്മെൻറിനും അനുഭവംകൊണ്ടു എനിക്കും അറിയാവുന്ന ഒരു സംഗതിയാണു്. ഈ സ്ഥാപനത്തിനു കഴിയുന്നതുവേഗത്തിൽ ഗവണ്മെൻറു വേണ്ടതു സഹായധനം ചെയ്തുകൊടുക്കണമെന്നും അപേക്ഷിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. EDAVANATT S. PADMANABHA MENON (*Shertala I*): Sir, I now move that the question be put.

MR. K. GEORGE (*Chief Secretary to Government*): Sir, yesterday we heard member after member make demands for the opening of allopathic institutions in the various parts of the State. Today we come to the same demand in another form. I mean demand for medical relief, according to the Ayurvedic system, in the various parts of the State.

MR. A. S. DAMODARAN ASAN (*Mavelikara*): Then, why were not these two demands put together?

MR. K. GEORGE (*Chief Secretary to Government*): In the course of the debate today some remarks were made which seems to me to be of a disparaging character to the allopathic institutions; that is to say, certain comparisons between the allopathic and Ayurvedic institutions to the disparagement of the former were made.

MR. S. CHATTANATHA KARAYALAR (*Shencotta*): Was it the general sense of the House?

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*) : I do not say so. I do not propose to make any such comparison. But I feel with the House that there is necessity for extending medical treatment in the State as far as we can. The advantages of the Ayurvedic system are, as some members said, that it is cheaper and that, further, it is more available in the rural parts.

MR. T. K. VELU PILLAI (*Trivandrum-Urban*) : Are there not very costly medicines in the Ayurvedic system, for example, Sidda Kalpa Makaradhwaja ?

MR. K. GEORGE (*Chief Secretary to Government*) : There are. But on the other hand the Ayurvedic medicines are generally cheaper than allopathic medicines.

